# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2360 — 12.03.2020 -ൽ മറുപടിയ്ക്ക്

## അവശ കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. കെ. സി. മമ്മത് കോയ:** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) അവശ കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷൻ എത്ര രൂപയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ തുകയിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകാമോ; | എ) അവശതകൾ നേരിടുന്ന സാഹിത്യകാര ന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതി പ്രകാരം അർഹതയുള്ള ഓരോ കലാകാരന്മാർക്കും നിലവിൽ പ്രതിമാസം 1500/- രൂപ നിരക്കിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേന പെൻഷൻ നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24/10/2016 ലെ സ.ഉ.(കൈ) നം.19/16/സാം.കാ.വ. ഉത്തരവ് പ്രകാരം കലാകാരപെൻഷൻ തുക 750 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചിരുന്നു.<br>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗങ്ങളായ സാംസ്കാരിക പ്രവർത്തകർക്ക് നൽകുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1000 രൂപയായിരുന്നത് 3000 രൂപയായി വർദ്ധിപ്പിച്ചു. |
| ബി) നിലവിൽ എത്ര പേർക്ക് ഈ പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കാമോ? | ബി) നിലവിൽ 2897 കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് നൽകുന്ന അവശ കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷനും 2919 അംഗങ്ങൾക്ക് ക്ഷേമനിധി പെൻഷനും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ